കൂടാതെ രോഗം ബാധിച്ച കവുങ്ങുകൾക്ക് നഷ്ടപരിഹാരം നൽകി അടയ്ക്കാ കർഷകരെ സഹായിക്കുന്നതിന് അഡീഷണൽ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായ പദ്ധതി പ്രകാരം, രോഗം ബാധിച്ച കവുങ്ങ് വെട്ടിമാറ്റുന്നതിന് കവുങ്ങ് ഒന്നിന് 100 രൂപ ധനസഹായം നൽകുന്നതാണ്. രൂക്ഷമായി രോഗം ബാധിച്ച മലബാർ മേഖലയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

വാനില കർഷകരുടെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

126 [2743] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. ടി. അഹമ്മദാലി:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാനില കർഷകർ നേരിടുന്ന നഷ്ടം വൻതോതിൽ വർദ്ധിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളെന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) ഇവരുടെ പ്രശ്നം പരിഹരിക്കാനും ഇവരെ സഹായിക്കാനും ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജൈവവളം ലഭ്യമാക്കാൻ നടപടി

127 [2744] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവവളം ഉപയോഗിച്ചു ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്കും, മറ്റു ഭക്ഷ്യവസ്തുക്കൾക്കും ഡിമാന്റ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ജൈവവളം ഉപയോഗിച്ചു കൃഷിചെയ്യുന്ന രീതി പ്രോത്സാഹിപ്പിക്കുന്നതിനു എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly